നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

# വിജ്ഞാപനം

## സർക്കാർ മെഡിക്കൽ /ഡെന്റൽ കോളേജുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

സർക്കാർ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ താഴെ പറയുന്ന ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്.

**സ്ഥലം :** **പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഓഫീസ് (ആറാം നില), ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം.**

**തീയതി :** **30.09.2012**

**സമയം :** **രാവിലെ 11.30 മണി**

**ഒഴിവുകളുടെ വിവരം താഴെ ചേർക്കുന്നു.**

| **കോളേജ്** | **കോളേജ് കോഡ്** | **കോഴ്സ്** | **കാറ്റഗറി** | **ഒഴിവുകളുടെ എണ്ണം** |
|---|---|---|---|---|
| TD മെഡിക്കൽ കോളേജ്, ആലപ്പുഴ | ALP | MBBS | വിമുക്ത ഭടന്മാരുടെ മക്കൾ(XS) | 1 |
| ഗവൺമെന്റ് മെഡിക്കൽ കോളേജ്, തൃശ്ശൂർ | TCM | MBBS | സ്റ്റേറ്റ് മെരിറ്റ് (SM) | 1 |
| ഗവൺമെന്റ് ഡെന്റൽ കോളേജ്, തിരുവനന്തപുരം. | TVD | BDS | സ്റ്റേറ്റ് മെരിറ്റ് (SM) | 1 |
| ഗവൺമെന്റ് ഡെന്റൽ കോളേജ്, കോട്ടയം | KTD | BDS | ഈഴവ (EZ) - 1<br>മുസ്ലീം (MU) - 1 | 2 |

2012 ൽ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ മാത്രമെ അഡ്മിഷനു പരിഗണിക്കുകയുള്ളൂ. ഈഴവ (EZ), മുസ്ലീം (MU), വിമുക്ത ഭടന്മാരുടെ മക്കൾ(XS) എന്നീ കാറ്റഗറിയിൽ പരിഗണിക്കപ്പെടേണ്ടവർ പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരായിരിക്കണം.

അഡ്മിറ്റ് കാർഡ്, പ്രവേശന പരീക്ഷയുടെ മാർക്ക് ഡേറ്റാ ഷീറ്റ്, യോഗ്യതാ പരീക്ഷയുടെ മാർക്ക് ലിസ്റ്റ്, സ്വഭാവ സർട്ടിഫിക്കറ്റ്, TC / No objection Certificate എന്നിവ സഹിതം വിദ്യാർത്ഥി നേരിട്ട് സ്പോട്ട് അഡ്മിഷനിൽ കൃത്യസമയത്തു തന്നെ ഹാജരാകേണ്ടതാണ്. പ്രവേശനം ലഭിക്കുന്ന പക്ഷം അപ്പോൾ തന്നെ നിശ്ചിത ഫീസ് ഒടുക്കി പ്രവേശനം ഉറപ്പു വരുത്തണം. സർട്ടിഫിക്കറ്റുകൾ പരിശോധിക്കുവാനും ഫീസ് സ്വീകരിക്കുവാനും കോളേജ് അധികാരികൾ പ്രവേശന സമയത്ത് സന്നിഹിതരായിരിക്കും.

അഡ്മിഷൻ ലഭിക്കുന്നവർ ഒടുക്കേണ്ട ഫീസ് വിവരം ചുവടെ ചേർക്കുന്നു.

MBBS - 25,000 രൂപ
BDS - 23,000 രൂപ

സർക്കാർ മെഡിക്കൽ / ഡെന്റൽ കോളേജുകളിൽ ഒഴിവു വന്ന സീറ്റുകൾ നികത്താൻ വേണ്ടി മാത്രം നടത്തുന്ന സ്പോട്ട് അഡ്മിഷൻ ആയതിനാൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ MBBS കോഴ്സിനു ഇപ്പോൾ അഡ്മിഷൻ നേടി പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് MBBS സീറ്റിലേക്കും , സർക്കാർ ഡെന്റൽ കോളേജുകളിൽ BDS കോഴ്സിനു ഇപ്പോൾ അഡ്മിഷൻ നേടി പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് BDS സീറ്റിലേക്കും പുതുതായി പ്രവേശനം നേടുന്നതിനു ഈ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല. കൂടാതെ കോ-ഓപ്പറേറ്റീവ് മേഖലയിലെ മെഡിക്കൽ /ഡെന്റൽ കോളേജുകളിലെ സർക്കാർ സീറ്റുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളെ അതേ കോഴ്സിന് പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
28.09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**